പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3128.

15.02.2013 ൽ മറുപടിക്ക്

**വൈദ്യുതി നിയന്ത്രണം നീക്കുന്നതുവരെ 2 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) രൂക്ഷമായ വൈദ്യുതി പ്രതിസന്ധി മൂലം വൈദ്യുതി നിയന്ത്രണമുള്ള സാഹചര്യത്തിലും റേഷൻകടകൾ വഴി അര ലിറ്റർ മണ്ണെണ്ണ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണ വിഹിതത്തിനനുസരിച്ചാണ് മണ്ണെണ്ണയുടെ വിതരണത്തോത് നിശ്ചയിക്കുന്നത്. 2012 ഏപ്രിൽ മാസം മുതലാണ് മണ്ണെണ്ണയുടെ കേന്ദ്ര വിഹിതം ക്രമാതീതമായി കുറഞ്ഞത്. ഇതാണ് റേഷൻ കടവഴിയുള്ള മണ്ണെണ്ണ വിതരണം വെട്ടിക്കുറയ്ക്കുവാനിടയാക്കിയത്. 2012 മാർച്ച് മാസം വരെ പ്രതിമാസം 15,960 കി.ലിറ്റർ മണ്ണെണ്ണ അനുവദിച്ചിരുന്നത് 2012 ഏപ്രിൽ മാസം മുതൽ 10016 കി.ലിറ്ററായി വെട്ടിക്കുറച്ചു. വൈദ്യുതീകരിച്ച കാർഡുകൾക്ക് 2012 ഏപ്രിൽ, ആഗസ്റ്റ് സെപ്റ്റംബർ, നവംബർ, ഡിസംബർ, 2013 ജനുവരി മാസങ്ങളിൽ 1/2 ലിറ്റർ വീതവും 2012 മെയ്, ജൂൺ,ജൂലൈ, ഒക്ടോബർ 2013 ഫെബ്രുവരി മാസങ്ങളിൽ ഒരു ലിറ്റർ വീതവും വിതരണം നടത്തുകയുണ്ടായി. കേന്ദ്രത്തിൽ നിന്നും കൂടുതൽ മണ്ണെണ്ണ ലഭിക്കുന്ന പക്ഷം കൂടുതൽ മണ്ണെണ്ണ വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. |
| (ബി) കേരളത്തിന്റെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ; | (ബി) 04.01.2013 ൽ കേന്ദ്ര പെട്രോളിയം മന്ത്രിയെ നേരിട്ട് സന്ദർശിക്കുകയും, കേരളത്തിന്റെ ആവശ്യങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

(സി) വൈദ്യുതി നിയന്ത്രണം നീക്കു ന്നതുവരെ കാർഡൊന്നിന് 2 ലിറ്റർ എന്ന അളവിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

(സി) വൈദ്യുതീകരിച്ച ഭവനങ്ങൾക്ക് 2 ലിറ്റർ വീതം വിതരണം നടത്തുന്നതിനായി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ വിഹിതം പര്യാപ്തമല്ല. കഴിഞ്ഞ രണ്ട് ക്വാർട്ടറുകളിലും (ഒക്ടോബർ, നവംബർ, ഡിസംബർ (2012), ജനുവരി, ഫെബ്രുവരി. മാർച്ച് (2013)) കേരളത്തിനു ലഭിച്ച വിഹിതം 30048 കിലോ ലിറ്റർ ആണ്. അതായത്, ഒരു മാസത്തേയ്ക്ക് ശരാശരി 10,020 കി.ലിറ്റർ മണ്ണെണ്ണയാണ് വിതരണത്തിന് ലഭിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ ഇ-കാർഡുകളുടെ എണ്ണം 72,95,483 ഉം, എൻഇ-കാർഡുകളുടെ എണ്ണം 7,28,200 ഉം ആണ്. 2 ലിറ്റർ വീതം 'ഇ' കാർഡുകൾക്ക് നൽകുകയാണെങ്കിൽ 'ഇ' കാർഡുകൾക്ക് വിതരണത്തിനായി മാത്രം 14,590.9 കി.ലിറ്റർ മണ്ണെണ്ണ ആവശ്യമായിവരും. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത്രയും മണ്ണെണ്ണ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ